# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -2979

13.07.2015 ൽ മറുപടിയ്ക്ക്

## ഐ.ജി. കോപ്പിയടിച്ച സംഭവം

**ചോദ്യം**

ശ്രീ.കോടിയേരി ബാലകൃഷ്ണൻ

(എ) തൃശ്ശൂർ റേഞ്ച് ഐ.ജി. ടി.ജെ. ജോസ് കോപ്പിയടിച്ച നടപടിയുമായി ബന്ധപ്പെട്ട എം.ജി. സർവ്വകലാശാല സിൻഡിക്കേറ്റ് ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ട് ഡി.ജി.പി.യ്ക്ക് കിട്ടിയിട്ടുണ്ടോ; ഇക്കാര്യത്തിൽ ഡി.ജി.പി.യുടെ ശുപാർശ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഐ.ജി. ടി. ജെ. ജോസിനെതിരെ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി)

(എ) & (ബി) എം.ജി സർവ്വകലാശാല സിൻഡിക്കേറ്റ് ഉപസമിതിയുടെ അന്വേഷണ റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചിട്ടില്ല. എന്നാൽ എം.ജി. സർവ്വകലാശാലയുടെ എൽ.എൽ.എം പരീക്ഷയിൽ കോപ്പിയടി നടത്തിയെന്ന് ആരോപണവിധേയനായ ഐ.ജി. ടി.ജെ ജോസിനെതിരെ നോർത്ത് സോൺ എ.ഡി.ജി.പി പ്രാഥമിക അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാനെ തൃശ്ശൂർ റേഞ്ച് ഐ.ജി.യുടെ ചുമതലയിൽ നിന്നും മാറ്റുകയും ഈ വിഷയത്തിൽ വിശദമായ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ